# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അടിമാലി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ-പി/9/444/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 16/05/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അടിമാലി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
adc

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ-പി/9/444/23 തീയ്യതി: 16/05/2023

## ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2022 മുതൽ 23-04-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനോദ് കെ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 24-04-2023 | 28-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-04-2023 | 28-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുസനിയാമ്മ തോമസ് ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.സണ്ണി എം.യു. ഓഡിറ്റ് ഓഫീസർ
ശ്രീമതി അനീറ്റ പി. സാമുവൽ അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ബെന്നി മാത്യു സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സോമൻ ചെല്ലപ്പൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ഷിബു വർഗീസ് | സെക്രട്ടറി | 01-04-2021 | 26-04-2021 |
| ശ്രീ.അനീഷ് എസ് | സെക്രട്ടറി | 27-04-2021 | 14-05-2021 |
| ശ്രീ. പ്രവീൺ വാസു | സെക്രട്ടറി | 15-05-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുജ എ.ഡി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.നിസ്സാർ എ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.സി.എൻ ഗിരീഷ് കുമാർ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 30-11-2021 |
| ശ്രീ.പ്രദീപ് എൽ.പി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-12-2021 | 15-12-2021 |
| ശ്രീ.മനു മുരളി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 16-12-2021 | 31-03-2022 |
| ഡോ.സത്യബാബു എൻ.വി | സൂപ്രണ്ട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി | 01-04-2021 | 31-03-2022 |
| ശ്രീ.ഷൈൻ പി.കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിന്ദു സി. ബി. | സി.ഡി.പി.ഒ. - I | 01-04-2021 | 07-11-2021 |
| ശ്രീമതി ജമീല എം. യു. | സി.ഡി.പി.ഒ. - I | 08-11-2021 | 31-03-2022 |
| ശ്രീമതി ഷീല പി. | സി.ഡി.പി.ഒ. - II | 01-04-2021 | 31-03-2022 |
| ശ്രീ. വിജീഷ് എൻ. വി . | വ്യവസായ വfകസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഷാരോൺ ജോർജ് മാമൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീ. ജയദേവൻ എം. കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 63.93 ശതമാനം | 1-3-1 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 7 | ക്ഷേമ പദ്ധതികൾ | 1-6 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 11 | പണം പിരിവിന് ഔദ്യോഗിക രസീത് ഉപയോഗിക്കാത്തത് | 1-10 |
| 12 | അടിമാലി താലൂക്ക് ആശുപത്രിയിൽ മലിനജല സംസ്കരണ പ്ലാന്റ് - പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നു | 1-11 |
| 13 | ചിന്നപ്പാറക്കുടി വനിതാ കേന്ദ്രം പൂർത്തീകരണം - പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല | 1-12 |
| 14 | നിക്ഷേപ പ്രവർത്തികൾ - പണി പൂർത്തീകരിച്ചിട്ടില്ല | 1-13 |
| 15 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഏകോപനമില്ലായ്മ മൂലം പരിധി ലംഘിച്ച് ₹1,20,519/- അനുവദിച്ചു | 1-14 |
| 16 | ദൈനംദിന ചെലവുകൾക്കായി രൂപീകരിച്ച പദ്ധതിയിൽ വലിയ തുകകൾക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങിയിരിക്കുന്നു | 1-15 |
| 17 | ദൈനം ദിന ചെലവുകളിൽ 2019-20, 2020-21 വർഷത്തെ ചെലവുകൾ ഉൾപ്പെടുത്തിയിരിക്കുന്നു | 1-16 |
| 18 | മെറിട്ടോറിയൽ സ്കോളർഷിപ്പ് - ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല | 1-17 |
| 19 | വൃദ്ധർക്ക് ക്യാൻസർ പരിശോധന ക്യാമ്പ് - തുടർ നടപടികൾ ലഭ്യമാക്കിയില്ല | 1-18 |
| 20 | രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 21 | സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-20 |
| 22 | ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾ | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

17-02-2021ലെ 1(1) നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ₹71,92,49,550/- വരവും (മുന്നിരിപ്പ് ഉൾപ്പെടെ) ₹71,87,81,072/- ചെലവും ₹4,68,478/- നീക്കിയിരിപ്പും ഉള്ള അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22ലെ ബജറ്റ് 17-02-2021ലെ 1(2)നമ്പർ തീരുമാന പ്രകാരം ഭരണ സമിതിയുടെ അംഗീകാരം നേടി.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 31.05.2022 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | 26705000 | 26705000 | 25506810 | |
| വികസന ഫണ്ട്-എസ്.സി.പി | | 11669000 | 11669000 | 10535391 | |
| വികസന ഫണ്ട്-റ്റി.എസ്.പി | | 6285000 | 6285000 | 5962551 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | | 7034382 | 7034382 | 958924 | 6075458 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | | 11088080 | 11088080 | 2289973 | 8798107 |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | | 10321108 | 10321108 | 6599131 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എസ്.ജി.എസ്.വൈ. | 649 | 20 | 669 | 0 | 669 |
| സമ്പൂർണ്ണ ശുചിത്വം | 7596 | 228 | 7824 | 0 | 7824 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| സാക്ഷരത | 80 | 4 | 84 | 0 | 84 |
| കേരളോൽസവം | 25345 | 0 | 25345 | 0 | 25345 |
| IWMP | 0 | 724584 | 724584 | 724584 | 0 |
| 320800199 | 0 | 95285 | 95285 | 94505 | 780 |

#### 1-3-1 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 63.93 ശതമാനം

റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹1,03,21,108/-ൽ 2021-22 സാമ്പത്തിക വർഷം ₹65,99,131/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുകയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹16,57,755/- ലാപ്സായി.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 10321108 | 6599131 | 3721977 | 63.93 | 2064222 | 1657755 |

### 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 121 | 95150530 | 101 | 68233018 | 21 | 83.47 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം % |
|---|---|---|---|---|---|
| സെക്രട്ടറി | 13 | 13 | 11772583 | 11373692 | 96.61 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 6 | 4 | 5889360 | 1984793 | 33.70 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 85 | 68 | 49423179 | 33179030 | 67.13 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 4 | 4 | 2785108 | 2760750 | 99.12 |
| സി.ഡി.പി.ഒ. | 2 | 2 | 4277000 | 1325200 | 30.98 |
| മെഡിക്കൽ ഓഫീസർ, താലൂക്ക്ആശുപത്രി | 4 | 4 | 10693000 | 7921193 | 74.07 |
| പട്ടികജാതി വികസന ഓഫീസർ | 3 | 3 | 4350700 | 4045000 | 92.97 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 800000 | 795000 | 99.63 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 300000 | 0 | 0 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 4859600 | 4848357 | 99.76 |
| | 121 | 101 | 95150530 | 68233018 | 71.71 |

1-5 തൊഴിലുറപ്പ് പദ്ധതി

– ബാധകമല്ല –

1-6 ക്ഷേമ പദ്ധതികൾ

– ബാധകമല്ല –

1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.04.2023-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി ചുമതലകൾ ഏൽപ്പിച്ച് നൽകിയിട്ടുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.

കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം

പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും കൃത്യമായി നടത്തുന്നില്ല.

വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ പഞ്ചായത്ത് കമ്മിറ്റി യോഗങ്ങളുടെ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല.

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

## 1-9 വാർഷിക കണക്കിലെ അപാകതകൾ

1) അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2) ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ B-7 പത്രികയിലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത വ്യക്തമല്ല.

3) സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കേണ്ട തുകകളുടെ വിവരം സംബന്ധിച്ച ഗവ. ഡ്യൂസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ ബി-9 പത്രികയിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത വ്യക്തമല്ല.

4) ഗ്രാന്റുകളുടെ ACR സൂക്ഷിക്കാത്തതിനാൽ ബി-4 പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പ് തുകകളുടെ കൃത്യത വ്യക്തമല്ല.

5) ആസ്തികളുടെ മൂല്യശോഷണം 1-17(a) പ്രകാരം കണക്കാക്കിയതിന്റെ വിവരം ലഭ്യമല്ലാത്തതിനാൽ ഈയിനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

6) ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

7) 412010101-Capital Work In Progress ശീർഷകത്തിലെ നീക്കിയിരിപ്പിന്റെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. പാർട്ട് ബില്ലുകളുടെ ക്രമീകരണം നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8) ലോൺ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ B-5ൽ ഉൾപ്പെടുത്തിയിരിക്കുന്ന സംഖ്യകളുടെ കൃത്യത വ്യക്തമല്ല.

9) നീക്കിയിരിപ്പ് RP, 40(b) ICICI-CFC-265201000203-ന്റെ നീക്കിയിരിപ്പ് ബാങ്ക് റിക്കൺസിലിയേഷൻ വിശദാംശങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

10) ഓക്സിജൻ പ്ലാന്റ് നിർമ്മാണത്തിന് ലഭ്യമായ ജില്ലാപഞ്ചായത്ത് വിഹിതം ചെലവ് പത്രികയിൽ ആകെ ചെലവിൽ ചേർത്തിട്ടില്ല.

11) വാർഷിക കണക്ക് (ട്രയൽ ബാലൻസ്) പ്രകാരം ജവഹർ ഭവന വായ്പ ഇനത്തിൽ ₹22,12,706/- വരവ് ഉള്ളതായി കാണുന്നു. എന്നാൽ ടി തുക റെസിപ്റ്റ് & പേയ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-10 പണം പിരിവിന് ഔദ്യോഗിക രസീത് ഉപയോഗിക്കാത്തത്

പണം സ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഔദ്യോഗിക കൈപ്പറ്റ് രസീത് ഉപയോഗിക്കുന്നില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരമുള്ള ഫോം നമ്പർ KPRAR-5 മാതൃകയിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അച്ചടിച്ച രസീതോ, സാംഖ്യ രസീതോ ഉപയോഗിച്ച് മാത്രമേ പണം പിരിക്കാൻ അനുവാദമുള്ളൂ. എന്നാൽ ഇതിന് പകരമായി A4 പേപ്പറിൽ പ്രിന്റ് ചെയ്ത് രസീതുകൾ ഉപയോഗിച്ച് പണം പിരിച്ചത് ഗുരുതരമായ നിയമ ലംഘനമാണ്. ഇത്തരം രസീത് ഉപയോഗിച്ച് പിരിക്കുന്ന പണം അക്കൗണ്ട് ചെയ്യപ്പെടാതിരിക്കുന്നതിനും അപഹരിക്കപ്പെടുന്നതിനുമുള്ള സാധ്യത വളരെ വലുതാണ് ഒരു തദ്ദേശ ഭരണ സ്ഥാപനത്തിൽ എപ്രകാരമാണ് പണം പിരിവ് നടത്തേണ്ടതെന്ന അടിസ്ഥാന അറിവ് പോലും ഇല്ലാതെ പ്രവർത്തിച്ച ഓഫീസ് മേധാവിയാണ് ഈ നിയമ ലംഘനത്തിന് ഉത്തരവാദി. ഔദ്യോഗിക രസീത് ഉപയോഗിച്ച് മാത്രം പണം പിരിവ് നടത്തേണ്ടതും നിയമ ലംഘനത്തിന് തക്കതായ നടപടി സ്വീകരിക്കേണ്ടതാണ്.

1-11 അടിമാലി താലൂക്ക് ആശുപത്രിയിൽ മലിനജല സംസ്കരണ പ്ലാന്റ് - പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നു

| | |
|---|---|
| പ്രോജക്ട് നം | 124/22 |
| പദ്ധതി അടങ്കൽ | ₹4776000/- (ശുചിത്വ മിഷൻ ഫണ്ട്) |
| കരാറുകാരൻ | ഏയ്ജിസ് ടെക്നോളജിസ് |
| അളവു ബുക്ക് | 472/21 & 230/22 |
| പാർട്ട് ബിൽ നം./തീയതി & തുക | വൗച്ചർ നം.22101287/25.03.2022, ₹1356661/- |

അടിമാലി ടൗണിൽ നിലവിലുള്ള താലൂക്കാശുപത്രിയിൽ നിന്നും മലിനജലം പുറത്തേക്കൊഴുകുന്നതുമായി ബന്ധപ്പെട്ട പരാതികളും അടിമാലി കോടതിയുടെ ഇടപെടലും പരിഗണിച്ച് മലിനജല സംസ്കരണ പ്ലാന്റ് അടിയന്തിരമായി സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. ഏറ്റവും കുറഞ്ഞ ടെണ്ടർ തുക ക്വോട്ട് ചെയ്ത ഏയ്ജിസ് ടെക്നോളജിസ് എന്ന സ്ഥാപനത്തെയാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല ഏൽപിച്ചിരുന്നത്. കരാർ വ്യവസ്ഥ പ്രകാരമുള്ള പൂർത്തീകരണ കാലാവധി 4 മാസമായിരുന്നു. എന്നാൽ 2022-23 സാമ്പത്തിക വർഷം വരെയും പദ്ധതി പൂർത്തീകരിക്കാനായിട്ടില്ല. മലിനജല സംസ്കരണ പ്ലാന്റിന്റെ ആവശ്യകതയും അടിയന്തിര സാഹചര്യവും പരിഗണിച്ച് പദ്ധതി എത്രയും വേഗം പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.

1-12 ചിന്നപ്പാറക്കുടി വനിതാ കേന്ദ്രം പൂർത്തീകരണം - പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 173/22 |
| പദ്ധതി അടങ്കൽ | ₹411998/-(വികസന ഫണ്ട് – എസ്.സി.പി) |
| കരാറുകാരൻ | എൽദോസ് പി. ഒ. |
| അളവ് ബുക്ക് | 848/21-22 |
| ബിൽ നം./തീയതി & തുക | 2110106301090150 7353/29.03.2022, ₹317730/- |

വിവിധ സ്റ്റീൽ പ്രവൃത്തികൾ, പെയിന്റിംഗ്, ടൈലിംഗ്, പ്ലംബിംഗ് എന്നിവ പൂർത്തീകരിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. സ്റ്റീൽ, ടൈലിംഗ് പ്രവൃത്തികൾ നടപ്പിലാക്കി പാർട്ട് ബില്ലിനത്തിൽ ₹3,17,730/- കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ടെങ്കിലും പെയിന്റിംഗ്, പ്ലംബിംഗ് ജോലികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്നതിലെ കാലതാമസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ കരാറുകാരനിൽ നിന്നും കരുതൽ നിക്ഷേപം, റീട്ടെൻഷൻ ഇനങ്ങളിൽ പിടിച്ചിട്ടുള്ള തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

1-13 നിക്ഷേപ പ്രവർത്തികൾ - പണി പൂർത്തീകരിച്ചിട്ടില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്കായി നടത്തുന്നതിന് മുൻകൂർ ആയി

ജില്ലാ ഭൂജല വകുപ്പ്, ഇടുക്കിക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും പണി പൂർത്തീകരിച്ചിട്ടില്ല. ₹21,85,314/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|
| 27/22<br>കുഴൽ കിണർ നിർമ്മാണം – 1 മുതൽ 6ബ്ലോക്ക് ഡിവിഷനുകളിൽ | 21101063010901145581 തീ:17.02.2022<br>21101063010901321448 തീ:14.03.2022 | 677368<br>72196 | 0 | 677368<br>72196 |
| 28/22<br>കുഴൽ കിണർ നിർമ്മാണം – 7മുതൽ 13 ബ്ലോക്ക് ഡിവിഷനുകളിൽ | 21101063010901326198 തീ:15.03..2022 | 1435750 | 0 | 1435750 |
| 186/22<br>കണ്ട്യാംപാറ എസ്.സി. കോളനി കുഴൽ കിണർ നിർമ്മാണം | 21101063010901349965 തീ:17.03..2022 | 78432 | 0 | 78432 |
| ആകെ | | | | 2263746 |

1-14 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഏകോപനമില്ലായ്മ മൂലം പരിധി ലംഘിച്ച് ₹1,20,519/- അനുവദിച്ചു

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018-ലെ ജി.ഒ.(എം.എസ്.)22/2018 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കപ്പെട്ട പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.2.8 അനുസരിച്ച്, ഒരു ക്ഷീര കർഷകന് ഒരു സാമ്പത്തിക വർഷം നൽകാവുന്ന പരമാവധി സബ്സിഡി തുക ₹40,000/-യാണ്. എന്നാൽ അടിമാലി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അതിന്റെ കീഴിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പ്രസ്തുത പരിധിയിലധികരിച്ച് സബ്സിഡി അനുവദിച്ചവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, അക്കൗണ്ട് വിശദാംശങ്ങൾ | തുക വിതരണം ചെയ്ത സ്ഥാപനം | പദ്ധതി | ബിൽ നം. | തുക | ആകെ | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | George Sachit Nambiaparambil , Nambiyaparambil, Federal Bank ADIMALY (IFSC:FDRL0001364) - 13640100102373 | Adimaly Grama Panchayat | PRODUCTION INCENTIVE BONUS | 21101052013100830378 | 17901.00 | 54894 | 14894 |
| | | | | 21101052013100830725 | 17694.00 | | |
| | | Adimaly Block Panchayat | Milk Incentive | 21101063010700439815 | 19299.00 | | |
| 2 | Maya, Kuttichirakudiyil, State Bank Of India ADIMALI (IFSC:SBIN0070668) - 67226201206 | Adimaly Grama Panchayat | PRODUCTION INCENTIVE BONUS | 21101052013100830378 | 5271.00 | 45111 | 5111 |
| | | | | 21101052013100830725 | 4983.00 | | |
| | | | | 21101052013101151916 | 4887.00 | | |
| | | Adimaly Block Panchayat | Milk Incentive | 21101063010700439815 | 4791.00 | | |
| | | Adimaly Grama Panchayat | PRODUCTION INCENTIVE BONUS | 21101052013101338169 | 2820.00 | | |
| | | Adimaly Block Panchayat | Milk Incentive | 21101063010701146138 | 5694.00 | | |
| | | | Milk Incentive | 21101063010701191303 | 4245.00 | | |
| | | | Milk Incentive For Women Dairy Farmers | 21101063010701336343 | 5775.00 | | |
| | | | Milk Incentive For Women Dairy | 21101063010701336347 | 6645.00 | | |

| ക്രമ നം. | പേര്, അക്കൗണ്ട് വിശദാംശങ്ങൾ | തുക വിതരണം ചെയ്ത സ്ഥാപനം | പദ്ധതി | ബിൽ നം. | തുക | ആകെ | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| | | | Farmers | | | | |
| 3 | ANIL A. N., ALUNGAL, ICICI Bank THODUPUZHA (IFSC:ICIC0000744) - 265201507339 | Adimaly Grama Panchayat | PRODUCTION INCENTIVE BONUS | 21101052013100830710 | 11865.00 | 49843 | 9843 |
| | | | | 21101052013101151912 | 10558.00 | | |
| | | | | 21101052013101153315 | 8094.00 | | |
| | | Adimaly Block Panchayat | Milk Incentive | 21101063010700726533 | 9663.00 | | |
| | | | | 21101063010700757015 | 9663.00 | | |
| 4 | K. P. Roy, Kaiprambatt, Federal Bank MANJAPRA (IFSC:FDRL0001043) - 10430100225595 | Pallivasal Grama Panchayat | Subsidy For Milk Production | 21101052009100861389 | 23062.00 | 41443 | 1443 |
| | | | | 21101052009101439443 | 1443.00 | | |
| | | Adimaly Block Panchayat | Milk Incentive | 21101063010700861247 | 16938.00 | | |
| 5 | Reji Babu K. K., KALARIKKAL, State Bank Of India Vellathooval (IFSC:SBIN0008689) - 32955718133 | Vellathooval Grama Panchayat | Incentive To Milk Producers | 21101052008800880576 | 8224.00 | 45947 | 5947 |
| | | | | 21101052008800939666 | 15189.00 | | |
| | | | | 21101052008801337801 | 13935.00 | | |
| | | Adimaly Block Panchayat | Milk Incentive | 21101063010701146026 | 7440.00 | | |
| | | | | 21101063010701336233 | 1159.00 | | |
| 6 | Solly Mathew, Keerikkattil, Federal Bank ADIMALY (IFSC:FDRL0001364) - 13645500013021 | Vellathooval Grama Panchayat | Incentive To Milk Producers | 21101052008800880576 | 20031.00 | 56028 | 16028 |
| | | | | 21101052008800939666 | 8787.00 | | |
| | | | | 21101052008801337801 | 11448.00 | | |
| | | Adimaly Block Panchayat | Milk Incentive | 21101063010700831343 | 15762.00 | | |
| 7 | SINI MATHEW , MAILADIYIL HOUSE, State Bank Of India Vellathooval (IFSC:SBIN0008689) - 10561838461 | Vellathooval Grama Panchayat | Incentive To Milk Producers | 21101052008800880546 | 15481.00 | 81129 | 41129 |
| | | | | 21101052008800939688 | 25667.00 | | |
| | | | | 21101052008801337823 | 18582.00 | | |
| | | Adimaly Block Panchayat | Milk Incentive | 21101063010700831362 | 10374.00 | | |
| | | | | 21101063010701336285 | 1392.00 | | |
| | | | | 21101063010701336300 | 9633.00 | | |
| 8 | Jose T. V., Thachil, Federal Bank ADIMALY (IFSC:FDRL0001364) - 13640100169547 | Vellathooval Grama Panchayat | Incentive To Milk Producers | 21101052008800880576 | 12015.00 | 66124 | 26124 |
| | | | | 21101052008800939666 | 21193.00 | | |
| | | | | 21101052008801337801 | 22389.00 | | |
| | | Adimaly Block Panchayat | Milk Incentive | 21101063010700831343 | 9048.00 | | |
| | | | | 21101063010701336233 | 1479.00 | | |
| | | | | | | | 120519 |

ബ്ലോക്ക് പഞ്ചായത്ത് ആനുകൂല്യം വിതരണം ചെയ്ത ഏതാനും ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ മാത്രം

പരിശോധിച്ചപ്പോൾ ലഭിച്ച വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്.

സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.2.8ൽ താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരമാണ് ക്ഷീര കർഷകന് സബ്സിഡി അനുവദിക്കാവുന്നത്.

1. ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ₹4/- തോതിൽ കണക്കാക്കി കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം (ക്ഷീര വികസന വകുപ്പ് നൽകുന്ന ₹1/- ഉൾപ്പെടെ).

2. സംയുക്തമായോ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുമായോ പദ്ധതി നടപ്പാക്കാം.

മേൽ വ്യവസ്ഥകൾ പ്രകാരം പാലിന് സബ്സിഡി അനുവദിക്കുമ്പോൾ ക്ഷീര വികസന വകുപ്പ് നൽകുന്ന ₹1/- പദ്ധതി നിർവ്വഹണത്തിന് ലഭിക്കാറില്ല. അതിനാൽ തന്നെ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവ നൽകുന്ന തുക കൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. ജില്ലാ പഞ്ചായത്ത് വിഹിതം ഗ്രാമ പഞ്ചായത്തിന് കൈമാറി ഡയറി ഫാം ഇൻസ്ട്രക്ടർ വഴി പദ്ധതി നടപ്പാക്കുമ്പോൾ ഡയറി എക്സ്റ്റൻഷൻ ഓഫീസർ വഴിയാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നടപ്പാക്കുന്നത്. മേൽ പദ്ധതി വഴി ഒരു വർഷം ക്ഷീര കർഷന് പരമാവധി ₹40,000/- ആണ് അനുവദിക്കേണ്ടതെങ്കിലും ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഏകോപനമില്ലായ്മ മൂലമാണ് മേൽ വ്യക്തികൾക്ക് സബ്സിഡി പരിധി അതിലംഘിച്ച് തുക അനുവദിച്ചത്. സബ്സിഡി അനുവദിക്കുമ്പോൾ ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥർ അതത് വർഷം പാലിന് സബ്സിഡിയായി ഓരോ വ്യക്തിക്കും ലഭിച്ച തുക തിട്ടപ്പെടുത്താത്തത് മൂലമാണ് പ്രസ്തുത അപാകത ഉണ്ടാകുന്നത്.

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 9/25.04.223) മറുപടി ലഭിച്ചില്ല. അധികം നൽകിയ തുക ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കാത്തപക്ഷം ഉത്തരവാദികളായ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-15 ദൈനംദിന ചെലവുകൾക്കായി രൂപീകരിച്ച പദ്ധതിയിൽ വലിയ തുകകൾക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങിയിരിക്കുന്നു

| | |
|---|---|
| പദ്ധതി & നം. | 62/2021-22<br>ചിത്തിരപുരം സി.എച്ച്.സി.-യുടെ ദൈനംദിന ചെലവുകൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |
| അടങ്കൽ | ₹1501108- (റോഡിതരം) |
| ചെലവ് | ₹1501108/- (റോഡിതരം) |

ചിത്തിരപുരം സി.എച്ച്.സി.-യുടെ ദൈനംദിന ചെലവുകൾക്കായി വിഭാവനം ചെയ്ത മേൽ പദ്ധതി പ്രകാരം വിവിധ ബില്ലുകളിലായി മരുന്നുകൾക്കും ഉപകരണങ്ങൾക്കും ധാരാളം തുകകൾ നൽകിയിട്ടുണ്ട്.

ഉദാ -

| ക്രമ നം. | ബിൽ നം./തീയതി | തുക ₹ | |
|---|---|---|---|
| 1 | 21101063011000869331/31.12.21 | 124462 | മരുന്ന് വാങ്ങൽ നീതി മെഡിക്കൽ സ്റ്റോർ<br>₹78752/-) |
| 2 | 21101063011000185919/08.07.21 | 49600 | ഒലീവിയ ഹോം വേൾഡ്, ഇരുമ്പ്പാലം – പ്ലാസ്റ്റിക് ചെയറുകൾ വാങ്ങിയത് |
| 3 | 21101063011000161511/ 29.06.21 | 185662 | മരുന്ന് വാങ്ങൽ നീതി മെഡിക്കൽ സ്റ്റോർ |

| | | | |
|---|---|---|---|
| | | | ₹75894/-) |
| 4 | 21101063011000827083/22.12.21 | 87736 | നീതി മെഡിക്കൽ സ്റ്റോർ ₹55509/-), ലാബ് ഉപകരണങ്ങൾ വാങ്ങൽ ₹26949/- |
| 5 | 21101063011000544520/22.10.21 | 105818 | ഉപകരണങ്ങൾ വാങ്ങൽ ₹14100/-) |
| 6 | 21101063011000827083/25.01.22 | 119285 | റോയൽ എന്റർപ്രൈസസ് ഒലവക്കോട് , ഉപകരണങ്ങൾ വാങ്ങൽ ₹38940/-) |
| 7 | 221101063011000827083/26.03.22 | 184435 | നീതി മെഡിക്കൽ സ്റ്റോർ മരുന്ന് വാങ്ങൽ ₹57421/- |
| 8 | 21101063011000827083/26.03.22 | 85589 | ക്ലീനിംഗ് ചാർജ് ₹37500/- |
| 9 | 2110106301100093003/29.05.21 | 198662 | ശ്രേഷ്ഠം കമ്പ്യൂട്ടേഴ്സ് – കമ്പ്യൂട്ടർ, പ്രിന്റർ ₹77225/-, ന്യൂ സൊല്യൂഷൻ – ബാറ്ററി വാങ്ങൽ – ₹32000/- |

ദിവസേന നൂറ് കണക്കിന് രോഗികൾ രോഗനിവാരണത്തിനും രോഗപരിശോധനയ്ക്കും വരുന്ന ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് പ്രത്യേകം പ്രോജക്ട് രൂപീകരിക്കാതെ പതിനായിരക്കണക്കിന് രൂപയുടെ മരുന്നുകളും ഉപകരണങ്ങളും ദൈനംദിന ചെലവുകളിൽ ഉൾപ്പെടുത്തിയാണ് വാങ്ങിയിട്ടുള്ളത്. ക്വട്ടേഷൻ നടപടികൾ ഒഴിവാക്കുവാൻ പല വാങ്ങലുകളും ചെറിയ തുകകളുടേതായി മുറിച്ചിരിക്കുന്നു. അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പ് (നം.13/26.04.2023)ന് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് അടുത്ത സാമ്പത്തിക വർഷം മുതൽ പ്രത്യേക പ്രോജക്ട് രൂപീകരിച്ച് വാങ്ങൽ നടപടികൾ സുതാര്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 ദൈനം ദിന ചെലവുകളിൽ 2019-20, 2020-21 വർഷത്തെ ചെലവുകൾ ഉൾപ്പെടുത്തിയിരിക്കുന്നു

| ബിൽ നം./തീയതി | തുക ₹ |
|---|---|
| 21101063011000324785/17.08.2021 | 194582 |

1. ചിത്തിരപുരം സാമൂഹിക ആരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22ൽ നടപ്പാക്കിയ ദൈനംദിന ചെലവുകൾ (നം.62/2021-22) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി മേൽ ബിൽ പ്രകാരം മാറിയിട്ടുള്ള ₹72,818/-യുടെ സബ് വൗച്ചറുകൾ ആണ് ഹാജരാക്കിയത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഇൻവോയ്സ് നം. | തീയതി | തുക ₹ |
|---|---|---|---|---|
| 1 | ഗ്യാലക്സി സർജിക്കൽസ് & ഡയഗ്നോസ്റ്റിക്സ് ചെറുതോണി | ബി.എൻ341/2019-20 | 06.10.2019 | 12813 |
| 2 | ഗ്യാലക്സി സർജിക്കൽസ് & ഡയഗ്നോസ്റ്റിക്സ് ചെറുതോണി | ബി.എൻ374/2019-20 | 30.10.2019 | 4369 |
| 3 | ഗ്യാലക്സി സർജിക്കൽസ് & ഡയഗ്നോസ്റ്റിക്സ് ചെറുതോണി | ബി.എൻ1271/2019-2020 | 30.10.2019 | 10238 |
| 4 | ഗ്യാലക്സി സർജിക്കൽസ് & ഡയഗ്നോസ്റ്റിക്സ് ചെറുതോണി | ബി.എൻ405/2019-2020 | 13.11.2019 | 7823 |
| 5 | ഗ്യാലക്സി സർജിക്കൽസ് & ഡയഗോണിസ്റ്റിക്സ് ചെറുതോണി | ബി.എൻ451/2019-2020 | 02.12.2019 | 4723 |
| 6 | ഗ്യാലക്സി സർജിക്കൽസ് & ഡയഗ്നോസ്റ്റിക്സ് ചെറുതോണി | ബി.എൻ/462/2019-2020 | 19.12.2019 | 5013 |
| 7 | സെൻട്രൽ സർജിക്കൽസ്, തൃശ്ശൂർ | ബി.എൻ/1511/2019-2020 | 07.12.2019 | 819 |
| 8 | സെൻട്രൽ സർജിക്കൽസ്, തൃശ്ശൂർ | ബി.എൻ/1586/2019-2020 | 27.12.2019 | 4238 |
| 9 | ഗ്യാലക്സി സർജിക്കൽസ് & ഡയഗ്നോസ്റ്റിക്സ് ചെറുതോണി | ബി.എൻ/495/2019-2020 | 19.12.2019 | 5189 |
| 10 | ഗ്യാലക്സി സർജിക്കൽസ് & ഡയഗ്നോസ്റ്റിക്സ് ചെറുതോണി | ബി.എൻ/412/2019-2020 | 09.02.2020 | 5368 |
| 11 | സെൻട്രൽ സർജിക്കൽസ്, തൃശ്ശൂർ | ബി.എൻ/2452/ 2019-2020 | 05.02.2020 | 2310 |
| 12 | മാവേലി മെഡിക്കൽ സ്റ്റോർ, | 603301/2019-2020 | 11.02.2021 | 7676 |

| | | | | |
|---|---|---|---|---|
| | അടിമാലി | | | |
| 13 | മാവേലി മെഡിക്കൽ സ്റ്റോർ, അടിമാലി | 603301/2019-2020 | 09,02,2021 | 1572 |
| 14 | മാവേലി മെഡിക്കൽ സ്റ്റോർ, അടിമാലി | 29216/2020-2021 | 29.03.2021 | 669 |
| | | | ആകെ | 72820 |

ഈ സബ് വൗച്ചറുകളിൽ ക്രമ നമ്പർ 1 മുതൽ 11 വരെയുള്ള 2019-20ലെയും 12 മുതൽ 14 വരെയുള്ളവ 2020ലെയുമാണ്. ടി കാലയളവിൽ വാങ്ങിയ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവയുടെ ബിൽ തുക 2019-20, 2020-21 വർഷങ്ങളിൽ നൽകാതെ 2021-22 പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകിയതു സംബന്ധിച്ച വിശദീകരണമോ നടപടിക്രമമോ ബില്ലിനൊപ്പം സൂക്ഷിച്ചിട്ടില്ല. 2019-20ൽ ഫണ്ട് ലഭ്യമല്ലായിരുന്നെങ്കിൽ തൊട്ടടുത്ത സാമ്പത്തിക വർഷം മുൻവർഷം നൽകുവാൻ അവശേഷിക്കുന്ന തുക കൂടി ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാതെ രണ്ട് വർഷങ്ങൾക്ക് ശേഷം തുക നൽകിയത് ക്രമപ്രകാരമല്ല. കൂടാതെ, തുക ലഭിക്കാത്തത് കാണിച്ച് സ്ഥാപനങ്ങൾ കത്ത് നൽകിയതായും രേഖയില്ല. തുക മുമ്പ് അനുവദിച്ചിട്ടില്ലായെന്ന് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെയും കോ-ർഡിനേഷൻ സമിതിയുടെയും അനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. 2019-20 സാമ്പത്തിക വർഷം നടത്തിയ ചെലവുകളുടെ ബില്ലുകൾ 2021-22 സാമ്പത്തിക വർഷം നൽകിയതിനു ഇടയായ സാഹചര്യം വ്യക്തമാക്കുന്നതിന നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/26.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ രേഖകളുടെ അഭാവത്തിൽ തുക അനുവദിച്ചതിനാൽ ₹72,820/-യുടെ ചെലവ് തടസപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

2. മേൽ ബിൽ പ്രകാരമുള്ള 39 വൗച്ചറുകളിൽ 14 എണ്ണം മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. 15 മുതൽ 39 വരെയുള്ള സബ് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹1,21,762/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 മെറിട്ടോറിയൽ സ്കോളർഷിപ്പ് - ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല

| ബിൽ നമ്പർ/തീയതി | തുക ₹ |
|---|---|
| 21101106301080071 5031/27.11.2021 | 530000 |
| ആകെ | 530000 |

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിട്ടോറിയൽ സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ (പ്രോജക്ട് നം.126) ₹7,95,000/- ചെലവഴിച്ചിട്ടുണ്ട്. 34 വിദ്യാർത്ഥികൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. എന്നാൽ ഇതിൽ 12 വിദ്യാർത്ഥികൾ മാത്രമാണ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. 22 വിദ്യാർത്ഥികൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് നൽകിയ സ്കോളർഷിപ്പ് തുക ₹5,30,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 വൃദ്ധർക്ക് ക്യാൻസർ പരിശോധന ക്യാമ്പ് - തുടർ നടപടികൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | 175/22 |
| അടങ്കൽ | ₹350000/- (വികസന ഫണ്ട് – പൊതുവിഭാഗം) |

| ബിൽ നമ്പർ/തീയതി | തുക ₹ |
|---|---|
| 21101063011001465198/25.03.2022 | 312500 |
| ട്രഷറി ബിൽനം./തീയതി. 29/2021-22/10.02.2022 | 37500 |

| | |
|---|---|
| ആകെ | 350000 |

1. വൃദ്ധർക്ക് ക്യാൻസർ പരിശോധന ക്യാമ്പ് എന്ന പദ്ധതിയിൽ രോഗികളെ കണ്ടെത്തുന്നതിന് പഞ്ചായത്തുകളിലെ വാർഡ് തലത്തിൽ ആശ വർക്കറുടെ സേവനം ഉപയോഗപ്പെടുത്തി സർവ്വെ നടത്തി രോഗികളെ കണ്ടെത്തുവാനും പ്രവർത്തകർക്ക് വീട് ഒന്നിന് ₹15/- നൽകുവാനും കമ്മിറ്റി തീരുമാനിച്ചു. തുക ഓരോ വ്യക്തിയുടെയും ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തു. ടി ക്യാമ്പ് നടത്തിയത് സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ തുക പൂർണ്ണമായും സർവ്വേ നടത്തുന്നതിന് തന്നെ വിനിയോഗിച്ചുവെന്ന് ഉറപ്പാക്കാനായില്ല. ഇതുപോലുള്ള പദ്ധതികൾ നടപ്പാക്കാതിരിക്കുവാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

2. വൃദ്ധർക്ക് ക്യാൻസർ പരിശോധന ക്യാമ്പ് എന്ന പ്രോജക്ടിനായി ₹3,50,000/- ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ₹3,12,500/-യുടെ ചെലവുകളുടെ ഫയലുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ₹37,500/- യുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ₹37,500/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | 193/22 |
| അടങ്കൽ | ₹300000/- (വികസന ഫണ്ട് – പൊതുവിഭാഗം) |

| ബിൽ നമ്പർ/തീയതി | തുക ₹ |
|---|---|
| 358/21.03.2022 | 79535 |
| 276/25.03.2022 | 12000 |
| 403/24.03.2022 | 188214 |
| ആകെ | 279749 |

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള ബൈസൺവാലി ഗ്രാമപഞ്ചായത്തുമായി ചേർന്ന് സെക്കണ്ടറി പാലിയേറ്റീവ് കെയർ എന്ന പദ്ധതിക്കായി ₹279749/- ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഓഡിറ്റ് റിക്വിസിഷൻ നൽകിയിട്ടും രേഖകൾ ഹാജരാക്കിയില്ല. പ്രസ്തുത രേഖകൾ ഹാജരാക്കാത്തതിനാൽ ₹279749/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് 2021-22 വർഷം ലീഗൽ ഫീസായി ₹15,000/- ചെലവഴിച്ചിട്ടുണ്ട്. സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

സ്യൂട്ട് രജിസ്റ്ററിലെ പല പേജുകളിലെയും വിവരങ്ങൾ അപൂർണ്ണമാണ്. പരാതിക്കാരന്റെ പേരും കേസ് നമ്പറും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. കേസ് സംബന്ധിച്ച വിഷയം, കോടതി കേസിന്റെ തുടർ നടപടികൾ, വിചാരണ തീയതികൾ, വിധിയുടെ വിശദാംശങ്ങൾ, വക്കീലിന് നൽകിയ ഫീസ് വിവരങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങളൊന്നും രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്യൂട്ട് രജിസ്റ്റർ മേൽ സൂചിപ്പിച്ച പ്രകാരം എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-21 ഓക്സിജൻ പ്ലാൻ്റ് സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പദ്ധതി നം. | 122/22 |

| | |
|---|---|
| പദ്ധതി | അടിമാലി താലൂക്ക് ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കൽ |
| തീയതി/തുക | 23-03-2022, ₹2745724/- (ജില്ലാപഞ്ചായത്ത് വിഹിതം – നേരിട്ട് നൽകിയത്) |

അടിമാലി താലൂക്ക് ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് നിർമ്മിക്കുന്നതിനായി ഇ-ടെണ്ടർ വിളിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ നിയോമെടിക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് ടെണ്ടർ നൽകിക്കൊണ്ട് 18-01-2022 തീയതിയിൽ 2(5) ആയി കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. അതിൻ പ്രകാരം 27-01-2022ൽ സൂപ്രണ്ട് THQH അടിമാലിയും ഡയറക്ടർ, നിയോമെടിക്സ് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ വ്യവസ്ഥ 7 പ്രകാരം, എഗ്രിമെന്റ് തീയതി മുതൽ 45 ദിവസത്തിനകം Good Working Condition-ൽ പണി പൂർത്തിയാക്കി പ്ലാന്റ് കൈമാറ്റം ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൂർത്തീകരണത്തിനുണ്ടാകുന്ന കാലതാമസത്തിന് പിഴ ഈടാക്കാനും എഗ്രിമെന്റ് വ്യവസ്ഥ 4-ൽ വ്യക്തമാക്കിയിട്ടുണ്ട്. എഗ്രിമെന്റ് ഷെഡ്യൂളിൽ ചേർത്തിട്ടുള്ള ഇനങ്ങൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല എന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് |
|---|---|---|
| 2021-22 | ഓഡിറ്റിനൊപ്പം പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾ

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക ₹ | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | അടിമാലി താലൂക്ക് ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കൽ | 2021-22 | 2745724 | 2745724 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| ജില്ലാ ഭൂജല വകുപ്പ് ഇടുക്കി | 27/22<br>കുഴൽ കിണർ – 1 മുതൽ6 വരെ ബ്ലോക്ക് ഡിവിഷനുകളിൽ | 21101063010901145581 തീ:17.02.2022<br>21101063010901321448 | 677368<br>72196 | 0 | 677368<br>72196 |

| | | | | | |
|---|---|---|---|---|---|
| | | തീ:14.03.2022 | | | |
| | 28/22<br>കുഴൽ കിണർ – 7 മുതൽ13 വരെ ബ്ലോക്ക് ഡിവിഷനുകളിൽ | 21101063010901326819 8<br>തീ:18.03.2022 | 1435750 | 0 | 1435750 |
| | 186/22<br>കാണ്ട്യാംപാറ എസ്.സി. കോളനി കുഴൽ കിണർ നിർമ്മാണം | 21101063010901349965<br>തീ:17.03.2022 | 78432 | 0 | 78432 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല –

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ ₹22,12,706/- വരവ് ഉണ്ട്.

വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് ന./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം ലഭിച്ച തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. (ഭവന നിർമ്മാണ പദ്ധതി) | ലഭ്യമല്ല | ലഭ്യമല്ല | 764950 | 0 | 0 | 0 | 764950 |
| ജവഹർ (ഭവന നിർമ്മാണ പദ്ധതി) | ലഭ്യമല്ല | ലഭ്യമല്ല | 0 | 2212706 | 607706 | | 1605000 |
| ഐ.എ.വൈ. ലോൺ | ലഭ്യമല്ല | ലഭ്യമല്ല | 750000 | 0 | 525000 | | 225000 |
| | | | | | | ആകെ | 2594950 |

വാർഷിക കണക്ക് (ട്രയൽ ബാലൻസ്) പ്രകാരം ജവഹർ ഭവന വായ്പ ₹22,12,706/- വരവ് ഉള്ളതായി കാണുന്നു. എന്നാൽ വാർഷിക കണക്കിലെ R & P-യിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ലോൺ രജിസ്റ്റർ കൃത്യമായി എഴുതി പരിപാലിക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

- ഇല്ല –

## 4-7 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 3-1 | 2017-18 | അനുബന്ധം-7 | നിക്ഷേപവേല പൂർത്തീകരിച്ചിട്ടില്ല | തുടരുന്നു |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– – ഇല്ല – –

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ്/ തുക ₹ | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1997-98 | 22 & 23 | ശ്രീ. ശ്രീധരൻ നായർ സെക്രട്ടറി | LF.28526/ Spl.Cell/ SC2/2000, തീ.26.07.2002 | 715 | | ഇല്ല | | | | | 715 | |
| | 1999-00 | 20 & 21 | ശ്രീ. എം. എ. സുകുമാരൻ, സെക്രട്ടറി | LF.2644/ Spl.Cell/ SC2/2005, തീ.02.01.2006 | 10450 | | ഇല്ല | | | | | 10450 | |
| | 2000-01 | 2,3,4,6, 9,10,12 | ശ്രീ. ടി. ആർ. രാജശേഖരൻ സെക്രട്ടറി | LF.10638/ Spl.Cell/ SC2/2005, തീ.05.04.2006 | 31489 | | ഇല്ല | | | | | 31489 | |
| | 2000-01 | 8 (PART) | ശ്രീ. എം. സോമനാഥൻ, ബി.ഡി.ഒ | LF.10638/ Spl.Cell/ SC2/2005, തീ.03.07.2006 | 500 | | ഇല്ല | | | | | 500 | |
| | 2000-01 | 8 (PART) | ശ്രീ. ടി. ആർ. രാജശേഖരൻ സെക്രട്ടറി | LF.10638/ Spl.Cell/ SC2/2005, തീ.03.07.2006 | 3500 | | ഇല്ല | | | | | 3500 | |
| | 2001-02 | 4,5,6 | ശ്രീ. ആർ. വിശ്വംഭരൻ, അസി. എൻജിനീയർ | LF.4969/ Spl.Cell/ SC2/2006, തീ. 06.11.2006/ 09.02.2007 | 7463 | | ഇല്ല | | | | | 7463 | |
| | 2002-03 | 3-5 & 3-6 (PART) | ശ്രീ. ആർ. വിശ്വംഭരൻ, അസി. എൻജിനീയർ | LF.6046/ Spl.Cell/ SC2/2006, തീ.04.05.2007 | 2416 | | ഇല്ല | | | | | 2416 | |
| | 2002-03 | 3-6 (PART) | ശ്രീ. കെ. കുമാരസാമി പിള്ളൈ അസി. | LF.6046/ Spl.Cell/ SC2/2006, തീ.04.05.2007 | 702 | | ഇല്ല | | | | | 702 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | എൻജിനീയർ | | | | | | | | | | |
| | 2003-04 | 3-7 & 3-8 | ശ്രീ. ജോസഫ് മാത്യൂ സെക്രട്ടറി | LF.9070/ Spl.Cell/ SC2/2009, തീ.19.10.2010 | 58450 | | ഇല്ല | | | | | 58450 | |
| | 2005-06 | 3-10, 11,12,13, 14,15,16 | ശ്രീ. ജോസഫ് മാത്യൂ സെക്രട്ടറി | LF.9070/ Spl.Cell/ SC2/2006, തീ.09.09.2009 | 78081 | | ഇല്ല | | | | | 78081 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| മുന്നിരിപ്പ് | ₹7100905 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹85051592 |
| ആകെ | ₹92152497 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹81124708 |
| നീക്കിയിരിപ്പ് | ₹11027789 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3305577 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | - ഇല്ല - | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 2263746 | ശ്രീമതി സുജ എ.ഡി, അസി. എഞ്ചിനീയർ |
| 1-16-1 | 72820 | ഡോ. ഷാരോൺ ജോർജ് മാമൻ, മെഡിക്കൽ ഓഫീസർ |
| 1-16-2 | 121762 | ഡോ. ഷാരോൺ ജോർജ് മാമൻ, മെഡിക്കൽ ഓഫീസർ |
| 1-17 | 530000 | ശ്രീ. സി. എൻ. ഗിരീഷ് കുമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-18-2 | 37500 | ഡോ. ഷാരോൺ ജോർജ് മാമൻ, മെഡിക്കൽ ഓഫീസർ |
| 1-19 | 279749 | ഡോ. ഷാരോൺ ജോർജ് മാമൻ, |

| | | |
|---|---|---|
| | | മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല –

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുജ എ.ഡി,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ,<br>അടിമാലി ബ്ലോക്ക് പഞ്ചായത്ത് | മണിയാംപള്ളി വീട്,<br>അടിമാലി പി.ഒ.<br>പിൻ – 685561 |
| ഡോ. ഷാരോൺ ജോർജ് മാമൻ,<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി.,<br>ചിത്തിരപുരം | 12/249,<br>K.D.H.ക്ലബ്,<br>മൂന്നാർ,<br>പിൻ – 685612 |
| ശ്രീ. സി. എൻ. ഗിരീഷ് കുമാർ,<br>ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | -- | ചക്കാലയിൽ വീട്,<br>പൊന്നാട് പി.ഒ,<br>കാവുങ്കൽ,<br>ആലപ്പുഴ ജില്ല,<br>പിൻ 688568 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-99 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (1998-99)(അദാ-ഓഗസ്റ്റ്)/22/12.08.22 | 2 | 30, 31 |
| 1999-2000 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (1999-00) (അദാ-ഓഗസ്റ്റ്)/22/12.08.22 | 2 | 20, 21 |
| 2000-01 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2000-01)(അദാ-ഓഗസ്റ്റ്)/22/12.08.22 | 4 | 2.4, 2.6, 2.10, 2.12, |
| 2001-02 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/(2001-02)(അദാ-ഓഗസ്റ്റ്) 22 12.08.22 | 2 | 2.5, 2.6 |
| 2002-03 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2002-03)(അദാ-ഓഗസ്റ്റ്)/22/12.08.22 | 6 | 3.1, 3.2, 3.3, 3.4, 3.5, 3.6 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2003-04) (അദാ-ഓഗസ്റ്റ്)/22/12.08.22 | 8 | 3.5, 3.10, 3.11, 3.12, 3.14,3-15, 3-16, 3-18 |

| | | | |
|---|---|---|---|
| 2004-05 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2004-05) (അദാ-ഓഗസ്റ്റ്)/22/12.08.22 | 2 | 3.4, 3.5(a), (B) |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2005-06) (അദാ-ഓഗസ്റ്റ്)/22/12.08.22 | 2 | 3.7, 3.8 |
| 2006-07 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2006-07)(അദാ-ഓഗസ്റ്റ്)/22/12.08.22 | 4 | 3.2, 3.5, 3.6, 3.8 |
| 2007-08 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2007-08)(അദാ-ഓഗസ്റ്റ്)/22/12.08.22 | 4 | 3.3, 3.6, 3.7, 3.8, |
| 2008-09 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2008-09) (അദാ-ഓഗസ്റ്റ്)/22/12.08.22 | 5 | 3.2, 3.3, 3.8 (1, 2, 3, 4) |
| 2009-10 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2009-10)(അദാ-ഓഗസ്റ്റ്) 22 12.08.22 | 1 | 3.2 |
| 2010-11 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2010-11)(അദാ-ഓഗസ്റ്റ്)/22/12.08.22 | 3 | 3.2, 3.3, 3.4 |
| 2011-12&2012-13 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2011-12&2012-2013)(അദാ-ഓഗസ്റ്റ്)/ 22/12.08.22 | 8 | 3.1, 3.2, 3.3, 3.4, 3.5, 3.6, 3.10(2,3,4, 5,6,7,8,9), 4-3 |
| 2013-14& 2014-15 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2013-14 & 2014-15)(അദാ-ഓഗസ്റ്റ്)/ 22/12.08.22 | 5 | 3.1, 3.2, 3.3, 3.6, 3.7 |
| 2015-2016 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2015-16)(അദാ-ഓഗസ്റ്റ്)/22/12.08.22 | 3 | 3.2, 3.7, 4-8 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2016-17)(അദാ-ഓഗസ്റ്റ്)/22/12.08.22 | 7 | 3.1, 3.2, 3.9, 3.10, 3-11, 4-8, 3-5 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2017-18(അദാ-ഓഗസ്റ്റ്)/22/12.08.22 | 5 | 3-4, 3-5, 3-6, 3-7, 4-9 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2018-19)(അദാ-ഓഗസ്റ്റ്)/22/12.08.22 | 4 | 1-13, 1-14, 1-15, 4-10 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ.-പി9/1562/22 തീ. 28.04.2023 | 3 | 1-11, 1-14, 1-15 |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ.-7/292/22 തീ. 27.05.2022 | 9 | 1-9 മുതൽ 1-17 വരെ |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്